GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/11/2026

1. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സരോജിനി ദാമോദരൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ നൽകിവരുന്ന 18-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനതലത്തിൽ രണ്ടു ലക്ഷം (2,00,000) രൂപയും ജില്ലാതലത്തിൽ 50,000/- രൂപ വീതമുള്ള 14 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ്,

വെറ്ററൻ എന്നീ വിഭാഗങ്ങളിൽ 10,000/- രൂപ വീതമുള്ള 33 അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **നവംബർ 30.** മൂന്നു വർഷത്തിനുമേൽ പൂർണമായും ജൈവഭക്ഷണ കൃഷി ചെയ്യുന്നവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ള കടലാസിൽ കൃഷിയുടെ ലഘുവിവരണവും പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയക്കേണ്ടതില്ല. അപേക്ഷ അയക്കേണ്ട വിലാസം കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ മുഹമ്മ പി.ഒ. ആലപ്പുഴ -688525 . കൂടുതൽ വിവരങ്ങൾക്ക് 9447114526, 9446424617 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്നിൽ 2027 വർഷത്തെ പാൽകാർഡിനായുള്ള നിർദ്ദിഷ്ട ഫോർമാറ്റിലുള്ള അപേക്ഷകൾ നവംബർ 16/11/2026 വരെ രാവിലെ 11.00 മണി മുതൽ 1.00 മണി വരെയും ഉച്ചയ്ക്ക് 2.00 മണി മുതൽ 4.00 മണി വരെയും (അവധി ദിവസങ്ങൾ ഒഴികെ) പൊതുജനങ്ങളിൽ നിന്നും ഫാം ഓഫീസിൽ സ്വീകരിക്കുന്ന വിവരം അറിയിക്കുന്നു. അപേക്ഷ പരിസരത്തുള്ള കോർപ്പറേഷൻ വാർഡായ കുടപ്പനക്കുന്ന്, പാതിരാപ്പള്ളി,

ചെട്ടിവിളാകം, കിണവൂർ, അമ്പലമുക്ക് എന്നിവിടങ്ങളിലും കരകുളം ഗ്രാമ പഞ്ചായത്തു വാർഡുകളായ വഴയില, കല്ലയം, പ്ലാവുവിള, നെടുംപാറ, നെടുമൺ എന്നിവിടങ്ങലിൽ സ്ഥിരതാമസക്കാരായ റേഷൻ കാർഡുള്ള കുടുംബങ്ങളിൽ നിന്നും സ്വീകരിക്കുന്നു. ഒരു വ്യക്തിയിൽ നിന്നും ഒരു റേഷൻ കാർഡ് മുഖേന ഒരു അപേക്ഷ മാത്രമേ സ്വീകരിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

3. തിരുവനന്തപുരം വെള്ളനാട് ഐ.സി.എ.ആർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മൈക്രോ ഇറിഗേഷൻ സിസ്റ്റം - ടെയിനിംഗ് ആൻഡ് ഇൻസ്റ്റലേഷൻ എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2026 നവംബർ 28-ന് വെള്ളനാട് കൃഷി വിജ്ഞാന കേന്ദ്രത്തിലാണ് പരിശീലനം നടക്കുന്നത്. ജനറൽ വിഭാഗത്തിലുള്ള കർഷകർക്കും താൽപ്പര്യമുള്ളവർക്കും പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9400288040 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. കൃഷിയിൽ ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ആധുനിക ജലസേചന രീതികൾ പരിചയപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

4. റബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റബർ ടെയിനിങ് (എൻ.ഐ.ആർ.ടി.) റബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ ഒരു വർഷത്തെ പി.ജി. ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കൃഷി, സസ്യശാസ്ത്രം, ബോട്ടണി, ഹോർട്ടികൾച്ചർ, ഫോറസ്ട്രി എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 15. കൂടുതൽ വിവരങ്ങൾക്ക് training@rubberboard.org എന്ന ഇ-മെയിൽ വിലാസത്തിലോ www.rubberboard.gov.in എന്ന വെബ്സൈറ്റ് വഴിയോ ബന്ധപ്പെടാം. അന്വേഷണങ്ങൾക്ക് 0481-2353127, 6238092175 എന്നീ ഫോൺ നംബറുകളിൽ ബന്ധപ്പെടുക.
5. ക്ഷീര വികസന വകുപ്പിന്റെ 2026-27 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽനിന്ന് ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിക്കുന്നു. ഇന്ന് നവംബർ 7 വരെ ക്ഷീര വികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. മിൽക്ക് ഷെഡ് വികസനം, ഡയറി ഫാം ശുചിത്വം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, കയർ, കാലിവണ്ടി മത്സ്യബന്ധന മേഖലകൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി ,

20, 10, 5, 2, 1 എന്നീ പശു യൂണിറ്റ് പദ്ധതികൾ, കൂടാതെ യുവജനങ്ങൾക്കായി പത്തു പശു അടങ്ങുന്ന സ്മാർട്ട് ഡയറി ഫാം പദ്ധതി, മിൽക്കിങ് മെഷീൻ വാങ്ങിക്കുന്നതിനുള്ള ധനസഹായം, തൊഴുത്ത് നിർമ്മാണ ധനസഹായം എന്നിവ ഉൾപ്പെടുന്ന മിൽക്ക് ഷെഡ് വികസന പദ്ധതികൾക്കും ഡയറി ഫാമിന്റെ ശുചിത്വം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കും www.ksheerasree.kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണ്.